"ഭരണ ഭാഷ മാതൃഭാഷ"

കുടുംബാരോഗ്യ കേന്ദ്രം വില്ല്യാപ്പള്ളി
കോഴിക്കോട് ജില്ല, വടകര-673 542
☎ 0496 2524259 ✉phcvlpy@gmail.com

നമ്പർ.228 /2026

തിയ്യതി :29/10/2026

ടെണ്ടർ നോട്ടീസ്

കുടുംബാരോഗ്യ കേന്ദ്രം വില്ല്യാപ്പള്ളിയിലെ ലാബിലേക്ക് റീ ഏജൻസ് & കെമിക്കൽസ്, ടെസ്റ്റ് കിറ്റുകൾ എന്നിവ ഒരു വർഷക്കാലത്തേക്ക് വിതരണം ചെയ്യാൻ തയ്യാറുള്ള പ്രശസ്ത കമ്പനികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

ടെണ്ടറുകൾ കുടുംബാരോഗ്യ കേന്ദ്രം വില്ല്യാപ്പള്ളി ആഫീസിൽ നിശ്ചിത സമയപരിധിക്കകം സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾക്കൊപ്പം 200/- ക യുടെ മുദ്രപത്രത്തിൽ പ്രാഥമിക കരാർ എഴുതി ഒപ്പിട്ട് നൽകേണ്ടതാണ്. വിശദവിവരങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

ടെണ്ടർ ഫോറത്തിന്റെ വില	800 + GST
ടെണ്ടർ ഫോറം സമർപ്പിക്കാൻ തുടങ്ങുന്ന തീയ്യതിയും സമയവും	01/11/2026 10.00 AM
ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയ്യതിയും സമയവും	13/11/2026 4.00 PM
ടെണ്ടർ തുറക്കുന്ന തീയ്യതിയും സമയവും	13/11/2026 5.00 PM

മറ്റ് നിബന്ധനകൾ:

1. എല്ലാ സാധനങ്ങളും സ്വന്തം ചെലവിൽ ആശുപത്രി സ്റ്റോറിൽ വിതരണം ചെയ്യേണ്ടതാണ്.
2. GMP certified, ഡ്രഗ് ലൈസൻസ്, ജി.എസ്.ടി. രജിസ്ട്രേഷൻ ഇവയുടെ അറ്റസ്റ്റ് ചെയ്ത കോപ്പികളും ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. എം.ആർ.പിയിൽ നിന്നും കുറച്ച് വിതരണം ചെയ്യാൻ തയ്യാറുള്ള നികുതിയില്ലാത്ത നിരക്ക്, നികുതി എത്ര ശതമാനം, ആകെ തുക എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ ഫോറത്തിൽ കാണിച്ച വിലയിൽ യാതൊരു മാറ്റവും വരുത്താവുന്നതല്ല. നിശ്ചയിച്ചിരിക്കുന്ന നിരക്ക് ജി.എസ്.ടി. മറ്റു ചിലവുകൾ ഉൾപ്പെടെ ആയിരിക്കണം.

4. നിരതദ്രവ്യമായി ടെണ്ടർ തുകയുടെ (400,000/) 1% **4000/-**രൂപ യുടെ ഡിമാന്റ് ഡ്രാഫ്റ്റ് മെഡിക്കൽ ആഫീസർ പേരിൽ ഏതെങ്കിലും സർക്കാർ അംഗീകൃത ബാങ്കിൽ അടച്ചത് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. കേരള സർക്കാർ ടെണ്ടറിന് ബാധകമായ എല്ലാ നിയമങ്ങളും ഈ ടെണ്ടറിനും ബാധകമാണ്. വീഴ്ച വരുത്തുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന നഷ്ടം സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതാണ്.
6. ടെണ്ടർ ഫോറത്തിന് തിരുത്തലുകൾ അനുവദിക്കുന്നതല്ല.
7. ടെണ്ടറുകൾ ടെണ്ടർ സമർപ്പിച്ചവരുടെയോ, അവരുടെ പ്രതിനിധികളുടെയോ മുമ്പാകെ മെഡിക്കൽ ആഫീസർ അദ്ദേഹം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ തുറക്കുന്നതാണ്.
8. ടെണ്ടറുകളിൽ E-mail/ ID / FAX / ഫോൺ നമ്പറുകൾ എന്നിവ കാണിക്കേണ്ടതാണ്.
9. സപ്ലൈ ഓർഡറിൽ പറഞ്ഞിരിക്കുന്ന specification-ൽ തന്നെ മുഴുവൻ സാധനങ്ങളും ഒന്നിച്ച് സപ്ലൈ ചെയ്യേണ്ടതാണ്. ഒന്നിച്ച് ചെയ്യാൻ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആയത് ഫാർമസിസ്റ്റിനെ അറിയിക്കേണ്ടതാണ്. ഇൻവോയ്സിൽ സപ്ലൈ ഓർഡർ നമ്പറും തീയ്യതിയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ ടെണ്ടറുകൾ സ്വീകരിക്കുവാനും നിരാകരിക്കുവാനുമുള്ള പൂർണ്ണമായ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.
10. അംഗീകരിച്ച ടെണ്ടറുകാരൻ അറിയിപ്പ് ലഭിച്ചാൽ മൊത്തം അംഗീകരിച്ച തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്ഥിര നിക്ഷേപമായി മെഡിക്കൽ ആഫീസർ അനുമതിയോടെ മാത്രം മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതും കൂടെ **200/-** രൂപയുടെ മുദ്രക്കടലാസിൽ അന്തിമ ഉടമ്പടി സമർപ്പിക്കേണ്ടതുമാണ്. ടെണ്ടർ ലഭിച്ചാൽ ആവശ്യമായ സാധനം വിതരണം ചെയ്യേണ്ടതും ആയതിന് വീഴ്ച വരുത്തിയാൽ ഗവൺമെന്റിന് നഷ്ടമുണ്ടാകുന്ന തുക ഉത്തരവാദിയിൽ നിന്നും നിയമപ്രകാരം വസൂലാക്കുന്നതുമാണ്.
11. വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പർച്ചേസ് കമ്മിറ്റി അംഗീകരിച്ചശേഷം വിതരണ ഉത്തരവ് നൽകുന്നതായിരിക്കും
12. അത്യാവശ്യഘട്ടത്തിൽ ഫോൺ മുഖാന്തിരം ആവശ്യപ്പെട്ടാൽ 24 മണിക്കൂറിനകം സാധനം വിതരണം ചെയ്യേണ്ടതും അത്തരത്തിലുള്ള സത്യവാങ്മൂലം ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതുമാണ്.
13. കെ.എം.എസ്.സി.എൽ വഴി ലഭ്യമാകുന്നവക്ക് പ്രഥമ പരിഗണന നൽകുന്നതും ഇവ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടെണ്ടർ മുഖേനയായിരിക്കും വാങ്ങുന്നത്.
14. സമാനമേഖലയിൽ 5 വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം ഉണ്ടായിരിക്കണം.
15. കെ.എം.എസ്.സി.എൽ - മായി റേറ്റ് കോൺട്രാക്റ്റ്, ഏതെങ്കിലും ഇനത്തിന് അംഗീകൃത ഡീലർഷിപ്പ് ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

മെഡിക്കൽ ആഫീസർ

പകർപ്പ്: 1)നോട്ടീസ് ബോർഡ് വില്ല്യാപ്പള്ളി പഞ്ചായത്ത്
2)നോട്ടീസ് ബോർഡ് കുടുംബാരോഗ്യ കേന്ദ്രം വില്ല്യാപ്പള്ളി
3)ഫയൽ